പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2272 12.02.2020-ലെ മറുപടിക്ക്

## സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. കെ. രാജൻ

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീമതി സി.കെ. ആശ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക ഞെരുക്കത്തിന്റെ യഥാർത്ഥ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി |

| | | |
|---|---|---|
| | | സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും പൂർണ്ണമായും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച വസ്തുതകളാണ് സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് നികുതി വരുമാനത്തിൽ ഉണ്ടാകുന്ന ചോർച്ച ഏതൊക്കെ വിധത്തിലാണെന്നും ആയത് കണ്ടെത്തി പരിഹരിക്കുന്നതിനുമുള്ള ശ്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | ചരക്ക് സേവന നികുതി കേന്ദ്ര സർക്കാർ നടപ്പിലാക്കിയപ്പോൾ നികുതി ഭരണത്തിൽ സംഭവിച്ച പാളിച്ചകളാണ് നികുതി ചോർച്ചയ്ക്കുള്ള പ്രധാന കാരണം. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ചെക്ക്പോസ്റ്റുകൾ നിർത്തലാക്കി. 2017-18 സാമ്പത്തിക വർഷത്തിലേയും 2018-19 സാമ്പത്തിക വർഷത്തിലേയും വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ട കാലപരിധി യഥാക്രമം 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് നീട്ടി നൽകിയത് ടി റിട്ടേണുകളുടെ പരിശോധനയിൽ കാലതാമസമുണ്ടാക്കി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കു വാഹനങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമായതിനാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തിപ്രദേശങ്ങളിലുൾപ്പെടെ സ്ക്വാഡുകളെ വിന്യസിച്ചു. കൂടാതെ ഓട്ടോമാറ്റിക് നമ്പർപ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക്പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക്പോസ്റ്റുകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു. |

| | | |
|---|---|---|
| | | വ്യാപാരികൾ ഫയൽ ചെയ്യുന്ന പ്രതിമാസ റിട്ടേണുകൾ യഥാസമയം സ്ക്രൂട്ടിനിസ്റ്റ് വിധേയമാക്കുന്നു. ജി.എസ്.ടി.ആർ.1, ജി.എസ്.ടി.ആർ.3ബി റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ, ഇ-വേ ബിൽ ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ ഐ.ഐ.ഐ.റ്റി.എം.കെ എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികളും ആരംഭിച്ചു.<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി വകുപ്പ് നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂർ ഫീസ്/നികുതി ഈടാക്കുകയും ചെക്കുപോസ്റ്റുകളിലും അതിർത്തി പ്രദേശങ്ങളിലും വാഹന പരിശോധന കർശനമാക്കുകയും ആയതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>രജിസ്ട്രേഷൻ വകുപ്പിൽ ആധാരങ്ങൾ വിലകുറച്ച് രജിസ്റ്റർ ചെയ്ത് നികുതി നഷ്ടം വരുത്തുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഭൂമിയ്ക്ക് ന്യായവില ഏർപ്പെടുത്തുകയും ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നികുതി നഷ്ടം ഒഴിവാക്കാനായി സെൻട്രൽ പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്തു. ഫ്ലാറ്റുകൾ അല്ലാത്ത കെട്ടിടങ്ങൾക്കും സെൻട്രൽ പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതാണെന്ന് 2020-21 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വില കുറച്ച് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ കേരള മുദ്രപത്ര നിയമത്തിലെ വകുപ്പ് 45 ബി പ്രകാരം അണ്ടർവാല്യുവേഷൻ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. |
| (സി) | അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ |

| | | |
|---|---|---|
| | | ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെയും മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതോടൊപ്പം സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുമുണ്ട്. |
| (ഡി) | സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി സർക്കാർ സർവ്വീസിലെ കാലഹരണപ്പെട്ട തസ്തികകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നിലവിലെ മാറിയ ഭൗതിക സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ പ്രസക്തി നഷ്ടപ്പെട്ട തസ്തികകൾ പഞ്ചായത്തുകളിലേക്കടക്കം പുനർവിന്യസിക്കുമെന്ന് 2020-2021 ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം നിയമന നിരോധനമോ മരവിപ്പിക്കലോ സർക്കാർ നയമല്ല. |
| (ഇ) | ഇത്തരം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നിർത്തിവയ്ക്കുന്നതിനും ഈ തസ്തികകളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ